NO.ICPS5/15883/16

സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS)
സാമൂഹ്യ നീതി വകുപ്പ്,പൂജപ്പുര
തിരുവനന്തപുരം
തീയതി: 21.07.2016

# സർക്കുലർ

വിഷയം:സാമൂഹ്യ നീതി വകുപ്പ് -ജെ ജെ ഹോമുകളിലെ കൗൺസിലർമാരുടെ ചുമതലകൾ സംബന്ധിച്ചു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:ഈ ഓഫീസിലെ ICPS 5/9815 നം .ഉത്തരവ് തിയ്യതി 12.06.2015

സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ജെ ജെ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ കൗൺസിലർമാരെ നിയമിച്ചു കൊണ്ടു സൂചന പ്രകാരം ഉത്തരവായിരുന്നു.പല സ്ഥാപനങ്ങളിലും കൗൺസിലർമാർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. കൗൺസിലർ എന്ന നിലയ്ക്ക് ടി ജീവനക്കാർ നിർവഹിക്കേണ്ട ചുമതലകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിലെ സംരക്ഷണയിലുള്ള കുട്ടികൾക്ക് കൗൺസിലിംഗ് നൽകുക.
2. ജെ ജെ ബി യും ,CWC യും നിർദ്ദേശിക്കുന്ന കുട്ടികൾക്കും , രക്ഷിതാക്കൾക്കും കൗൺസിലിംഗ് നൽകുക.
3. ജെ.ജെ.സ്ഥാപനങ്ങളിലെ കുട്ടികളുടെ ഇൻഡിവിഡ്യുൽ കെയർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ചുമതല വഹിക്കുക. ഇൻഡിവിഡ്യുൽ കെയർ പ്ലാനിൽ ആവശ്യമായ നോട്ടുകൾ രേഖപ്പെടുത്തി ശരിയായി സൂക്ഷിക്കുക,
4. ജുവനൈൽ ജസ്റ്റിസ് ബോർഡ് ,ചൈൽഡ് വെൽഫയർ കമ്മിറ്റികൾ,മാനേജ്മെന്റ് കമ്മിറ്റി എന്നിവയ്ക്കും സ്ഥാപനത്തിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്കും ആവശ്യപ്പെടുന്നപക്ഷം ഇൻഡിവിഡ്യുൽ കെയർ പ്ലാനുകൾ പരിശോധനയ്ക്കും അവലോകനത്തിനും നൽകുക.
5. കുട്ടികളുടെ മെന്റൽ ഹെൽത്ത് പ്ലാൻ തയ്യാറാക്കുക.
6. സ്ഥാപനത്തിൽ പലതരത്തിലുള്ള ഗ്രൂപ്പ് തെറാപ്പികൾ സംഘടിപ്പിക്കുക.
7. സ്ഥാപനത്തിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുക
8. കൗൺസിലിംഗ് നല്കിയതിനുശേഷം കുട്ടികൾക്ക് തുടർന്നുള്ള ഫോളോ അപ്പും നടത്തുക.

9. പ്രതിമാസ/ത്രൈമാസ പുരോഗതി റിപ്പോർട്ട് തയ്യാറാക്കുന്നതിനു സ്ഥാപന സൂപ്രണ്ടിനെ സഹായിക്കുക.
10. ലഹരിയ്ക്ക് അടിമപ്പെട്ടതും, അതിനു സാധ്യതയുള്ളതുമായ കുട്ടികളെ കണ്ടെത്തുകയും അവർക്ക് കൗൺസിലിംഗ് നൽകുകയും, സൈക്യാട്രിസ്റ്റിന്റെ സേവനം ആവശ്യമാണെങ്കിൽ സൂപ്രണ്ടുമായി ആലോചിച്ച് ആയതിനു വേണ്ടിയുള്ള നടപടികൾ എടുക്കുക.
11. സ്ഥാപനത്തിലെ കുട്ടികൾ പീഡനത്തിനരയാകുന്നില്ലെന്നു ഉറപ്പു വരുത്തുക.
12. പീഡനത്തിനരായി സ്ഥാപനങ്ങളിൽ പ്രവേശിയ്ക്കുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകുക
13. ജെ ജെ ബി യോ , ചൈൽഡ് വെൽഫയർ കമ്മിറ്റിയോ നൽകുന്ന നിർദ്ദേങ്ങൾ പാലിക്കുക
14. DCPU വിലെ കൗൺസിലറുടെ തസ്തിക ഒഴിവുള്ള സന്ദർഭങ്ങളിൽ ജെ ജെ ബിയിലും , CWC യിലും ഹാജരാകുക
15. സ്ഥാപന സൂപ്രണ്ടുമായി ആലോചിച്ച് വിവിധ സംഘടനകൾ, NGO's, സോഷ്യൽ വർക്കർ, വകുപ്പ് എന്നിവരുമായി സഹകരിച്ചു സ്ഥാപനത്തിൽ കുട്ടികൾക്കു വേണ്ടിയുള്ള പരിപാടികൾ സംഘടിപ്പിക്കുക.
16. സ്ഥാപനത്തിന്റെ പ്രവർത്തനത്തനങ്ങളിൽ സഹകരിയ്ക്കുകയും പങ്കാളിയാവുകയും ചെയ്യുക
17. മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗുകളിൽ പങ്കെടുക്കുകയും സ്ഥാപനത്തിലെ കുട്ടികളുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങൾ മാനേജ്മെന്റ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്യുക .
18. സ്ഥാപനത്തിൽ ശിശു സൗഹാർദ്ദപരമായ നടപടികൾക്കുള്ള ചെയ്യുക.
19. സ്ഥാപനത്തിന്റെ നടത്തിപ്പ് സംബന്ധിച്ചു സൂപ്രണ്ട് നൽകുന്ന എല്ലാ നിർദ്ദേശങ്ങളും പാലിയ്ക്കുക
20. സ്ഥാപനത്തെ പ്രതിനിധീകരിച്ചു സൂപ്രണ്ടിന്റെ നിർദ്ദേശാനുസരണം വിവിധ മീറ്റിംഗുകളിൽ പങ്കെടുക്കുക

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും
എല്ലാ ജെ ജെ ഹോം സൂപ്രണ്ടുമാർക്കും
<u>പകർപ്പ്:-</u>

1. ICPS-4
2. സ്റ്റോക്ക് ഫയൽ